©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2020 നവംബർ 17<br>17th November 2020<br>1196 വൃശ്ചികം 2<br>2nd Vrischikam 1196<br>1942 കാർത്തികം 26<br>26th Karthika 1942 | നമ്പർ<br>No. | 45 |

## PART III

# Dairy Development Department

**ക്ഷീര വികസന വകുപ്പ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : സിൽവി മാത്യു)

നമ്പർ സി-4302/2018. 2020 ജൂലൈ 8.

വിഷയം:—ക്ഷീരവികസന വകുപ്പ്—പത്തനംതിട്ട—കോന്നി ബ്ലോക്ക്—പൂവൻപാറ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി റ്റി 103 (ഡി) ആപ്കോസ് സമാപ്തീകരിക്കുന്നതിനായി 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 72 (1) പ്രകാരം ലിക്വിഡേറ്ററായി കോന്നി ക്ഷീര വികസന ഓഫീസറെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:—(1) കോന്നി ക്ഷീരവികസന ഓഫീസറുടെ 1-7-2019-ാം തീയതിയിലെ സെക്ഷൻ 65 പ്രകാരമുള്ള 735/18-ാം നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ആഫീസിലെ 5-2-2020-ാം തീയതിയിലെ ഇതേ നമ്പർ കത്ത്.

കോന്നി ബ്ലോക്കിലെ പൂവൻപാറ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി റ്റി 103 (ഡി) ആപ്കോസ് നിരവധി വർഷങ്ങളായി പ്രവർത്തന രഹിതമാണെന്നും, സാധന സാമഗ്രികളെല്ലാം തന്നെ നശിച്ചു പോയിട്ടുള്ളതും, ടി സംഘം പുനരുജ്ജീവിപ്പിക്കുന്നതിനും പാൽ സംഭരണം പുനരാരംഭിക്കുന്നതിനും യാതൊരു സാധ്യതയുമില്ലെന്ന പരാമർശം (1) പ്രകാരം അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം ജില്ലാ സഹകരണ ബാങ്ക്, സർക്കിൾ സഹകരണ യൂണിയൻ, തിരുവനന്തപുരം മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ എന്നിവയ്ക്ക് കത്തു നൽകുകയും നാളിതുവരെ മറുപടി ലഭ്യമായിട്ടില്ലാത്തതുമാകുന്നു. ഈ സാഹചര്യത്തിൽ സംഘം സമാപ്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ 1969-ലെ കേരള സഹകരണ സംഘം നിയമം 71(2) വകുപ്പ് അനുസരിച്ച് സ്വീകരിക്കാവുന്നതാണെന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

Gaz. No. 45/2020/DTP (Dairy Development).

**ഉത്തരവ്**

പൂവൻപാറ ക്ഷീരോല്പാദക സഹകരണ സംഘം ക്ലിപ്തം നമ്പർ പി റ്റി 103 (ഡി) ആപ്കോസ് 1969-ലെ കേരള സഹകരണ നിയമം വകുപ്പ് 71 (2) വകുപ്പനുസരിച്ച് സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് 1969-ലെ കേരള സഹകരണ നിയമം 72 (1) വകുപ്പനുസരിച്ച് കോന്നി ക്ഷീരവികസന ഓഫീസറെ ലിക്വിഡേറ്ററായി നിയമിച്ച് ഉത്തരവാകുന്നു. ലിക്വിഡേറ്റർ ഉടൻ സംഘത്തിന്റെ സമാപ്തീകരണ ചുമതല ഏറ്റെടുക്കേണ്ടതും മൂന്ന് വർഷത്തിനകം നടപടികൾ പൂർത്തിയാക്കി റിപ്പോർട്ട് രേഖാമൂലം ഈ ഓഫീസിൽ സമർപ്പിക്കേണ്ടതുമാണ്. ലിക്വിഡേറ്റർ ചാർജ്ജെടുത്ത വിവരം ഈ ഓഫീസിൽ യഥാസമയം അറിയിക്കേണ്ടതുമാണ്.

ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ്,
കളക്ട്രേറ്റ് മൂന്നാം നില, (ഒപ്പ്)
പത്തനംതിട്ട. ഡെപ്യൂട്ടി ഡയറക്ടർ.